പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2906 **29-10-2026-ൽ മറുപടിയ്ക്ക്**

ഔദ്യോഗിക നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മനോജ് മൂത്തേടൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) പി.ഡബ്ല്യു.ഡി. ബ്രിഡ്ജസിന് കീഴിൽ പുതിയ പാലങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും വേണ്ടി ഡിസൈൻ തയ്യാറാക്കൽ മുതൽ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ പരസ്പരവും അല്ലാതെയുമുള്ള കത്തിടപാടുകൾ നടത്തുന്നതുൾപ്പെടെയുള്ള ദീർഘമായ ഔദ്യോഗിക നടപടിക്രമങ്ങൾ മൂലം ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കി വികസന പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടുന്നതിന് ടി നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

മറുപടി: പാലങ്ങൾ പോലുള്ള മേജർ സ്ട്രക്ച്ചറുകളുടെ നിർമ്മാണത്തിന് മണ്ണിന്റെ ഘടന, അലൈൻമെന്റ് എന്നിവ കൃത്യമായി പരിശോധിച്ച് അതിന് അനുയോജ്യമായ രീതിയിൽ ഡിസൈൻ തയ്യാറാക്കേണ്ടത് സുരക്ഷയും, ഗുണനിലവാരവും ഉറപ്പാക്കുന്നതിന് അടിസ്ഥാനപരമായ ആവശ്യമാണ്. വിശദമായ ഡിസൈൻ തയ്യാറാക്കിയതിനുശേഷം മാത്രമേ കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ, ബാധകമായ സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസുകളും നിർബന്ധമായും ലഭ്യമാക്കേണ്ടതുണ്ട്. ഫീൽഡ് തലത്തിൽ നിന്നും നൽകുന്ന റിപ്പോർട്ടുകൾ വിവിധ ഓഫീസ് തലങ്ങളിൽ പരിശോധനകൾ നടത്തി അംഗീകാരം നൽകി, തുടർന്ന് ഡിസൈൻ തലത്തിലും വിവിധ ഘട്ടത്തിലുള്ള പരിശോധനകൾ പൂർത്തീകരിച്ചാണ് അന്തിമ അനുമതിയിലേക്ക് എത്തുന്നത്. ഫീൽഡ് ഓഫീസിൽ നിന്നും ലഭിക്കുന്ന investigation report ഡിസൈൻ വിഭാഗത്തിലേക്ക് നൽകുകയും തുടർന്ന് ലഭ്യമാകുന്ന TGD സൈറ്റിന് അനുയോജ്യമാണോ എന്ന് പരിശോധിച്ച് feasibility പരിശോധിക്കാൻ ഫീൽഡ് ഓഫീസർക്ക് നൽകുന്നു. തുടർന്ന് ലഭിക്കുന്ന റിപ്പോർട്ടിനനുസരിച്ച് അന്തിമ ഡിസൈൻ തയ്യാറാക്കുന്നു. ആയത് ഓഫീസ് നടപടി ക്രമങ്ങളുടെ ഭാഗമാണ് . ഡിസൈൻ വിഭാഗവും ഫീൽഡ് ഓഫീസുകളും തമ്മിലുള്ള ആശയവിനിമയം നിലവിൽ ഡിജിറ്റൽ ഫയലിംഗ് (e-office)സംവിധാനങ്ങൾ, PRICE, ഓൺലൈൻ കത്തിടപാടുകൾ എന്നിവ മുഖേന വേഗത്തിൽ ഏകോപിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ